# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 499

## 28.02.2017 ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ട്

| | ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വാഹനങ്ങൾ വാങ്ങി നൽകുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് പുതിയ പ്രത്യേക ഉത്തരവ് ഇറക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; | 15.11.2010 ലെ സ.ഉ.(പി) നം. 583/2010/ധന., 09.02.2016-ലെ സ.ഉ.(പി) നം. 178/2016/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് വാഹനം വാങ്ങുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയും ആസ്തി വികസന നിധിയും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആസ്തി വികസന ഫണ്ടിൽ വാഹനം വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധനകളോടു കൂടിയാണ് അനുമതി നൽകിയിട്ടുള്ളത്. പ്രത്യേക വികസന നിധിയിലും മേൽ നിബന്ധനകൾക്ക് വിധേയമായി അതാത് ജില്ലാ കളക്ടർമാരാണ് എം.എൽ.എ മാരുടെ നിർദ്ദേശ പ്രകാരം സ്കൂളുകൾക്ക് വാഹനം അനുവദിച്ചു നൽകുന്നത്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | വാഹനങ്ങളുടെ ആവർത്തന ചെലവുകളെല്ലാം സ്കൂൾ പി.ടി.എ. യും, വികസന സമിതികളും ഏറ്റെടുക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകൾക്കെങ്കിലും വാഹനങ്ങൾ വാങ്ങി നൽകുന്നതിന് എം.എൽ.എ.ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി - സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

സ.ഉ.(പി) നം. 178/2016/ധന. തിരുവനന്തപുരം, 2016 ഡിസംബർ 9

---

**പരാമർശം :** 11.06.2012-ലെ സ.ഉ.(പി) നം. 332/2012/ധന ഉത്തരവ്.

## ഉത്തരവ്

2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ചതു പ്രകാരം ഓരോ എം.എൽ.എ യും അവരവരുടെ നിയോജകമണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ ആസ്തി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി രൂപീകരിക്കുകയും സൂചനയിലെ ഉത്തരവു പ്രകാരം ആയതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയുമുണ്ടായി. സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വാഹനം വാങ്ങി നൽകുന്നതിന് അനുമതി നൽകണമെന്നും ഇതിനായി ടി സൂചന പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/ പരിപാലന ചെലവുകൾ ഉൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല

എന്നീ നിബന്ധനകളോടു കൂടി സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിൻഹാജ് ആലം
സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

SPECIAL DEVELOPMENT FUND FOR MLAs. – SANCTION FOR UTILISATION OF FUND FOR THE PURCHASE OF VEHICLES TO GOVERNMENT EDUCATIONAL INSTITUTIONS - MODIFICATION TO GUIDELINES - ORDERS ISSUED.

**FINANCE (NODAL CENTRE) DEPARTMENT**

G.O. (P) No. 583/2010/Fin Dated, Thiruvananthapuram, 15.11.2010.

***Read:*** ***G.O. (P) No. 247/2004/Fin dated 27.05.2004.***

## ORDER

In partial modification of the Government Order read above, Government are pleased to order that the Special Development Fund for MLAs can be utilized for the purchase of buses to Government educational institutions, subject to the following conditions:

i. The entire operational and maintenance cost, ie., running cost, fuel charges, repair, wages to the Driver and other Staff, etc., shall be met by the PTA of the concerned institution.

ii. The ownership of the assets so created with the Fund will vest with the Government.

By Order of the Governor,

K. AJITHKUMAR,
ADDITIONAL SECRETARY (FINANCE).

To

All Members of the Legislative Assembly.
All ACS/PS/Secretary to Government.
All District Collectors.
All Heads of Departments.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Private Secretary to Chief Minister.
The Private Secretaries to All Ministers.
The Private Secretary to the Speaker.
The Private Secretary to the Deputy Speaker.
The P.S. to the Leader of Opposition.
The Secretary, Legislative Secretariat.
The Parliamentary Affairs Department.
The Planning & Economic Affairs (CPMU) Department.
The General Administration (SC) Department (vide proceedings of the Council of Ministers dated 10.11.2010.
The Nodal Officer www.finance/kerala.gov.in
The Office Copy/Stock file.

Forwarded/By Order.

Section Officer.